പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2358 **27-10-2026-ൽ മറുപടിയ്ക്ക്**

പമ്പ് ഹൗസുകളിൽ തടസ്സമില്ലാതെ വൈദ്യുതി ലഭിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പമ്പ് ഹൗസുകളിൽ വർഷം മുഴുവൻ സ്ഥിരമായി വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: കാർഷികാവശ്യങ്ങൾക്കായുള്ള പാടശേഖരങ്ങളുടെ പമ്പ് ഹൗസുകളിൽ സ്ഥിരം വൈദ്യുതി കണക്ഷൻ ആവശ്യമുള്ള പക്ഷം, "സ്ഥിരം വൈദ്യുതി കണക്ഷൻ അനുവദിക്കണമെന്നും അതുമായി ബന്ധപ്പെട്ട വൈദ്യുതി ചാർജ്ജ് അടച്ചുകൊള്ളാമെന്നും" ഉള്ള ബന്ധപ്പെട്ട കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം വയറിംഗ് പൂർത്തീകരണ റിപ്പോർട്ട്, മോട്ടോർതറ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കരം അടച്ച രസീത്, പാടശേഖര സമിതി സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ, കണക്ഷൻ ആരുടെ പേരിൽ വേണമോ അവരുടെയോ തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ ബന്ധപ്പെട്ട KSEB യുടെ സെക്ഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക, അനുവദിക്കേണ്ട ലോഡിന് അനുസൃതമായി അടയ്ക്കുന്ന മുറയ്ക്ക് സ്ഥിരം വൈദ്യുതി കണക്ഷൻ അനുവദിക്കാവുന്നതാണ്.

(ബി) പ്രസ്തുത പമ്പ് ഹൗസുകളിൽ സ്ഥിരം വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

മറുപടി: കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണവും അതിലൂടെ കർഷകർക്ക് ഒരു വരുമാനവും ലക്ഷ്യമിട്ട് ആവിഷ്കരിച്ച കേന്ദ്ര പദ്ധതിയായ PM KUSUM (പ്രധാന മന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതി ANERT കേരളത്തിൽ നടപ്പിലാക്കിവരുന്നു. സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ജല പമ്പുകൾ (1 hp മുതൽ 7.5 hp വരെയുള്ളവ) 2 kW - 10 kW ശേഷിയുള്ള സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന (സൗരോർജ്ജവൽക്കരണം) പദ്ധതിയാണിത്. KSEBL വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന Grid connected സോളാർ പവർ പ്ലാന്റുകളാണ് പ്രസ്തുത പദ്ധതിയിൽ സ്ഥാപിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി (MNRE), 9348 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനായുള്ള അനുമതി അനെർട്ടിന് നൽകിയിരുന്നു. സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിയുടെ ഗുണഭോക്തൃവിഹിതം വഹിക്കാൻ ബുദ്ധിമുട്ട് ആയതിനാൽ ഈ പദ്ധതിയുടെ ഗുണഭോക്തൃവിഹിതവും സംസ്ഥാന വിഹിതവും

നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി ലോണായി കണ്ടെത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ കാർഷിക പമ്പുകളുടെ 80% ത്തോളമുള്ള എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് പ്രരംഭഘട്ടത്തിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണ പദ്ധതി നടപ്പിലാക്കിവരുന്നത്.

ഈ പദ്ധതി പ്രകാരം ഇതേവരെ 4200 പമ്പുകളുടെ സൗരോർജ്ജവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഇതുവരെ 3544 എണ്ണം സൗരോർജ്ജനിലയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുകയും, അതിൽ 2417 എണ്ണം KSEBL വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്നതോടെ ഏകദേശം 14 മെഗാവാട്ട് അധിക സ്ഥാപിതശേഷി കൈവരിക്കാനാകും.

(സി) എങ്കിൽ പമ്പ് ഹൗസുകളോട് അനുബന്ധിച്ച് സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നിലവിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവൽക്കരണ പദ്ധതിയിൽ പമ്പ് ഹൗസുകളോട് അനുബന്ധിച്ചുള്ള നിഴൽ രഹിതമായ സ്ഥലങ്ങളിൽ അനുയോജ്യമായ ശേഷിയിലുള്ള സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ